പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :717

05.06. 2018 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. ലൈനിൽനിന്നും ഷോക്കേറ്റ് മരണം

ചോദ്യം
ശ്രീ.യു.ആർ.പ്രദീപ്

ഉത്തരം
ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇലക്ട്രിക് ലൈനിൽനിന്നും ഷോക്കേറ്റ് മരണപ്പെട്ടതുമായി ബന്ധപ്പെട്ട് എത്ര പേരുടെ കുടുംബത്തിന് ആശ്വാസ ധനസഹായം കെ.എസ്.ഇ.ബി. നൽകിട്ടുണ്ട്; | (എ)ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇലക്ട്രിക് ലൈനിൽ നിന്നും ഷോക്കേറ്റ് മരണപ്പെട്ട 92 പേരുടെ കുടുംബത്തിന് ആശ്വാസ ധനസഹായം നൽകിയിട്ടുണ്ട്. |
| (ബി)നിലവിൽ എത്ര അപേക്ഷ ഇതുമായി ബന്ധപ്പെട്ട് തീർപ്പകല്പിക്കാനുണ്ട്; ഇത് തീർപ്പ കല്പിക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുമോ; | (ബി) ആശ്വാസധനസഹായം അനുവദിക്കുന്നതിന്റെ അർഹത പരിശോധിക്കുന്നതിന് വേണ്ടതായ രേഖകൾ/ വിവരങ്ങൾ യഥാസമയം ലഭ്യമാക്കാത്തതു കാരണം നിലവിൽ 103 അപേക്ഷ തീർപ്പകല്പിക്കാനുണ്ട്. |
| (സി)ഇലക്ട്രിക് ലൈനിൽനിന്നും ഷോക്കേറ്റ് മരണപ്പെട്ടാൽ നൽകുന്ന ധനസഹായം എത്രയാണ്; | (സി) അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ, സുരക്ഷാ മുൻകരുതലുകൾ എടുക്കുന്നതിൽ വിമുഖത കാണിക്കുക, എന്നീ കാരണങ്ങളാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണമടയുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് നിലവിലുള്ള വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം 1 ലക്ഷം രൂപയും, പരിക്കേൽക്കുന്നവർക്ക് അപകടത്തിന്റെ ഫലമായി ഉണ്ടാകുന്ന സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായ തുക ആശ്വാസധനസഹായമായും (പരമാവധി 1 ലക്ഷം രൂപ) അനുവദിക്കുന്നുണ്ട്.<br>കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രതിഷ്ഠാപനങ്ങളുടെ തകരാറുകൾ മൂലവും പൊട്ടിവീണ വൈദ്യുതി കമ്പിയിൽ നിന്നും വൈദ്യുതാഘാതമേൽക്കുന്നതു മൂലവും മരണം സംഭവിക്കുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് 5 ലക്ഷം രൂപയും |

| | |
|---|---|
| | പരിക്കേൽക്കുന്നവർക്ക് അപകടത്തിന്റെ ഫലമായി ഉണ്ടാകുന്ന സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായ തുകയും (പരമാവധി 5 ലക്ഷം രൂപ) വ്യവസ്ഥകൾക്ക് വിധേയമായി ആശ്വാസ ധനസഹായമായി അനുവദിച്ച് നല്കിവരുന്നു. |
| (ഡി) ഇലക്ട്രിക് ലൈനിൽ നിന്ന് ഷോക്കേറ്റുള്ള മരണം ഉണ്ടാകാതിരിക്കുന്നതിന് കെ..എസ്.ഇ.ബി.സ്വീകരിച്ചു-വരുന്ന മുൻകരുതലുകൾ എന്തൊക്കെയാണ്; വ്യക്ത-മാക്കുമോ? | (ഡി) വൈദ്യുതി വിതരണ ലൈനുകളിലും ഉപകരണങ്ങളിലും ജോലി ചെയ്യുമ്പോൾ ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും സുരക്ഷ ഉറപ്പ് വരുത്തുന്നതിനു വേണ്ടി "Permit To Work" (PTW) സംവിധാനം വിതരണ മേഖലയിൽക്കൂടി കർശനമായി നടപ്പാക്കിയിട്ടുണ്ട്. സുരക്ഷ പരിപാലിക്കുന്നുണ്ടെന്നു ഉറപ്പ് വരുത്താനായി surprise inspection-കൾ നടത്തുന്നതിന് വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ജോലി സ്ഥലങ്ങളിൽ മിന്നൽ പരിശോധനകൾ നടത്തി റിപ്പോർട്ട് നൽകുന്നുണ്ട്. അതനുസരിച്ച് വീഴ്ച വരുത്തുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ സുരക്ഷ അവലോകനം ചെയ്യുന്നതിനായി മാസം തോറും safety meeting-കളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ എല്ലാ ദിവസവും രാവിലെ സെക്ഷൻ ഓഫീസിൽ "സൺറൈസ് മീറ്റിംഗ്"-ൽ സുരക്ഷാ പ്രതിജ്ഞ എടുക്കുകയും അതോടൊപ്പം അന്നന്നത്തെ ജോലികളിൽ എടുക്കേണ്ട മുൻകരുതലുകളെക്കുറിച്ച ചർച്ച ചെയ്യുന്നുമുണ്ട്.<br><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉൽപ്പാദന, പ്രസരണ, വിതരണ വിഭാഗങ്ങളിലെ എല്ലാ ഓഫീസുകളിലും ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ (Safety Gloves, Safety Belt, Safety Shoes, Earthing/ Discharge Rod, Shorting Clip, First Aid Kit, Rain Coat, Ladder etc.,) ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ മെച്ചപ്പെട്ട വ്യത്യസ്ത സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടിക്രമങ്ങൾ ബോർഡ് തലത്തിൽ പുരോഗമിച്ചു വരുന്നു. ജീവനക്കാരുടെ സുരക്ഷിതത്വത്തിനായി എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്-ഫോർമറുകൾക്കും എ.ബി. സ്വിച്ചുകൾ ഘടിപ്പിക്കുക, ട്രാൻസ് ഫോർമർ സ്റ്റേഷനുകളിൽ MCCB (മോൾഡഡ് കേസ് സർക്യൂട്ട് |

ബ്രേക്കറുകൾ) ഘടിപ്പിക്കുക, ഡിസ്ട്രിബ്യൂഷൻ ട്രാൻസ് ഫോർമറുകളുടേയും വിതരണ ശൃംഖലയുടേയും എർത്തിംഗ് ദൃഢപ്പെടുത്തുക തുടങ്ങിയവ ഇപ്പോൾ ബോർഡിന്റെ പരിഗണനയിലാണ്. 11 കെ.വി.യോ അതിനു മുകളിലുള്ളതോ ആയ ലൈനുകൾ പൊട്ടി വീണാൽ തൽക്ഷണം വൈദ്യുതബന്ധം വിച്ഛേദി-ക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. എങ്കിലും ഇത് കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുവാനുള്ള പരിശോധനയും സാങ്കേതിക മെച്ചപ്പെടുത്തലുകളും ത്വരിതഗതിയിൽ നടത്തിവരുന്നു.

സുരക്ഷാപാലനം ഉറപ്പു വരുത്തുന്നതിനായി സബ് എഞ്ചിനീയർ മുതൽ ഇലക്ട്രിസിറ്റി വർക്കർ വരെയുള്ള ജീവനക്കാർക്ക് കൃത്യമായ ഇടവേളകളിൽ പരിശീലന ക്ലാസ്സുകൾ നടത്തി സുരക്ഷാ നടപടികളെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തിവരുന്നു. വൈദ്യുതി ലൈനുകളിലും പ്രതിഷ്ഠാപനങ്ങളിലും പണിയെടുക്കുമ്പോഴുണ്ടാ-യേക്കാവുന്ന അപകടങ്ങളും അവ ഒഴിവാക്കേണ്ട രീതികളും സ്വീകരിക്കേണ്ട മുൻകരുതലുകളും ഈ പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അപകട സാധ്യതകളെക്കുറിച്ചു മനസ്സിലാക്കുന്നതിനായി കരാർ തൊഴിലാളികൾക്കും ബോർഡിലെ ജീവനക്കാർക്കും വീഡിയോ ടേപ്പുകൾ ഉപയോഗിച്ച് ധാരാളം സുരക്ഷാ ക്ലാസ്സുകൾ ഫീൽഡ് ഓഫീസ് തലങ്ങളിൽ നടത്തി പരിശീലനം നൽകി വരുന്നു. Safety belt പോലുള്ള സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുവാനും ഈ ക്ലാസ്സുകളിൽ പരിശീലിപ്പിക്കുന്നുണ്ട്. ബോർഡ് ജീവനക്കാർക്ക് ഡോക്ടർ, ഫയർഫോഴ്സ് ഉദ്യോഗസ്ഥർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തി first aid പരിശീലനവും നൽകുന്നുണ്ട്.

മഴക്കാലത്ത് ഉണ്ടായേക്കാവുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിലേയ്ക്കായി എല്ലാ വർഷവും പ്രീ മൺസൂൺ മെയിന്റെനൻസ് നടത്താറുണ്ട്, ഇതിന്റെ ഭാഗമായി 11 കെ.വി ലൈനുകൾ, എൽ.റ്റി. ലൈനുകൾ, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ എന്നിവ പരിശോധിക്കുക, ലൈനുകളിൽ മുട്ടിനിൽക്കുന്ന വൃക്ഷ ശിഖരങ്ങൾ നീക്കം ചെയ്യുക, കേടായതും പഴക്കം ചെന്നതുമായ പോസ്റ്റുകൾ, സ്റ്റേകൾ, വൈദ്യുത കമ്പികൾ, ഇൻസുലേറ്ററുകൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുക, ബ്രിഡ്ജിങ്ങ് പരിശോധന നടത്തി ആവശ്യമെങ്കിൽ മാറ്റി സ്ഥാപിക്കുക, താഴ്ന്നുകിടക്കുന്ന ലൈനുകൾ റീ

| | |
|---|---|
| | ഷാക്ലിംഗ് നടത്തുക, ട്രാൻസ് ഫോർമർ സ്റ്റേഷനുകൾ പരിശോധിച്ച് എ.ബി. സ്വിച്ച്, എർത്തിങ്ങ്, ലൈറ്റ്നിംഗ് അറസ്റ്റർ, ഓയിൽ ലെവൽ, ഫ്യൂസ്, കേബിളുകൾ തുടങ്ങിയവ പരിശോധിച്ച് ആവശ്യമെങ്കിൽ മെയിന്റെനൻസ് ചെയ്യുക, ട്രാൻസ് ഫോർമർ ലോഡ് ബാലൻസ് ചെയ്യുക, പഴയ വെതർ പ്രൂഫ് വയറുകൾ മാറ്റുക തുടങ്ങിയവ ചെയ്തു വരുന്നു. വൈദ്യുതി വിതരണ മേഖല പൂർണ്ണമായും അപകടരഹിതമാക്കാൻ ഉദ്ദേശിച്ച് വിവിധ കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുക, പൊട്ടിവീഴാൻ സാധ്യതയുള്ള അലുമിനിയം കമ്പികൾ മാറ്റുക, സ്വയം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിനുള്ള ആധുനിക സംവിധാനം കുറ്റമറ്റ രീതിയിലാക്കുക തുടങ്ങിയ വിവിധ സാങ്കേതികവും പൊതുജന സമ്പർക്കപരവുമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ